# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 05/05/ 2020

## ലോക്-ഡൗൺ പോലീസ് നിയന്ത്രണങ്ങൾ തുടരുന്നു.

കൊല്ലം : കൊവിഡ്-19 ലോക്-ഡൗൺ തുടരുന്ന സാഹചര്യത്തിൽ മാനദണ്ഡങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ ശക്തമായ സുരക്ഷയൊരുക്കി കൊല്ലം സിറ്റി പോലീസ്.പ്രധാന കവലകളിൽ എല്ലാം തന്നെ ശക്തമായ പോലീസ് പിക്കറ്റ് തുടർന്ന വരുന്നു.നിബന്ധനകൾ ലംഘിച്ച് അനാവശ്യമായി പുറത്തിറങ്ങുന്നവർക്കെതിരെയും ക്രമവിരുദ്ധമായി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നവർക്കെതിരെയും കർശനമായ നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്. ലോക്-ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയതിനെത്തുടർന്ന് അനാവശ്യമായി നിബന്ധനകൾ ലംഘിച്ച് കൂടുതൽ പേർ പുറത്തിറങ്ങാതിരിക്കുന്നതിനായുള്ള കർശന നടപടികൾ സ്വീകരിച്ചു വരുന്നു.പൊതുസ്ഥലങ്ങളിൽ നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണെന്നും സാമൂഹ്യ അകലം പാലിക്കേണ്ടതാണെന്നും അടിയന്തിര സ്വഭാവമുള്ള അന്തർജില്ലാ യാത്രകൾക്കുള്ള പാസുകൾ അതാത് പോലീസ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുമെന്നും ലോക്-ഡൗൺ നീട്ടിയ പശ്ചാത്തലത്തിൽ തുടർന്നും പൊതുജനങ്ങൾ സർക്കാർ ഏർപ്പെടുത്തിയ നിബന്ധനകളും നിർദേശങ്ങളും കൃത്യമായും പാലിക്കേണ്ടതാണെന്നും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.ഇന്ന് ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ചതിന് കൊല്ലം സിറ്റി പരിധിയിൽ 205 കേസുകൾ രജിസ്റ്റർ ചെയ്ത് 235 പേരെ അറസ്റ്റ് ചെയ്യുകയും 167 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. പൊതു സ്ഥലങ്ങളിൽ മാസ്ക് ധരിക്കാതെ സഞ്ചരിച്ചതിന് ഇന്ന് 15 പേർക്ക് നോട്ടീസ് നൽകി.

യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ കൊല്ലം വിജിലൻസ് ഓഫീസിലേക്ക് നടത്തിയ പ്രതിഷേധ മാർച്ചിൽ പങ്കെടുത്ത 11 പ്രവർത്തകരേയും ലോക്-ഡൗൺ ലംഘിച്ച് പ്രതിഷേധ സമരം നടത്തിയ 5 കോൺഗ്രസ്സ് പ്രവർത്തകരേയും 4 എൻ.ജി.ഒ സംഘ് പ്രവർത്തകരേയും കൊല്ലം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തു.